**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1675** **11-10-2024 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് കോളേജുകളിലെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിലെ അപാകത പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ.സി.ടി.ഇ.യുടെ 6-ാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള CAS( കരിയർ അഡ്വാൻസ്മെന്റ് സ്കീം )ഉത്തരവനുസരിച്ച് പോളിടെക്നിക്ക് കോളേജുകളിൽ സർക്കാരിന് കീഴിലുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളായ CAPE, എൽ.ബി.എസ്, ഐ.എച്ച്.ആർ.ഡി, എസ്.സി.റ്റി. എഞ്ചിനീയറിംഗ് കോളേജുകളിലെ മുൻ പ്രവൃത്തി പരിചയം ലെക്ച്ചറർമാരുടെ AGP (അക്കാഡമിക് ഗ്രേഡ് പേ) വർധനയ്ക്ക് പരിഗണിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ആറാം എ.ഐ.സി.ടി.ഇ പരിഷ്കരണ അടിസ്ഥാനത്തിലുള്ള കരിയർ അഡ്വാൻസ്മെന്റ് സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ 28.01.2021 ലെ സ.ഉ(കൈ)37/2021/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം പൂർവ്വകാല പ്രവർത്തിപരിചയം പരിഗണിക്കാവുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഗണത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി കരിയർ അഡ്വാൻസ്മെന്റ് അനുവദിക്കുന്നതിനാൽ സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളിലെ പൂർവ്വകാല പ്രവർത്തി പരിചയം കണക്കാക്കി കരിയർ അഡ്വാൻസ്മെന്റ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.** |
| (ബി) | എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രസ്തുത പ്രവൃത്തി പരിചയം പരിഗണിച്ച് AGP വർദ്ധന നൽകിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ 29.06.2019 തീയതിയിലെ സ.ഉ(കൈ)നം.204/2019/ഉവിവ പ്രകാരം CAPE,LBS, IHRD, എസ്.സി.ടി എന്നീ സ്ഥാപനങ്ങളിലുള്ള മുൻകാല പരിചയം പരിഗണിച്ച AGP വർദ്ധന നൽകിയിട്ടുണ്ട്. |
| (സി) | എ.ഐ.സി.റ്റി.ഇ. റെഗുലേഷനുകൾ പ്രകാരം പ്രൈവറ്റ്/ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ മുൻകാല പ്രവൃത്തി പരിചയം എഞ്ചിനീയറിംഗ്/ പോളി ടെക്നിക് കോളേജുകളിൽ സി.എ.എസ്. AGP വർധനയ്ക്ക് പരിഗണിക്കുന്നതാണ് എന്നിരിക്കെ, മുൻകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് പോളിടെക്നിക്ക് കോളേജുകളിൽ മാത്രം AGP വർധന നൽകാത്തതിനുള്ള കാരണമെന്താണ്; | (സി) | 29/06/2019 തീയതിയിലെ സ.ഉ(കൈ)നം.204/2019/ഉ.വി.വ പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളിലും, 28/01/2021 തീയതിയിലെ സ.ഉ(കൈ)നം.37/2021/ഉ.വി.വ പ്രകാരം പോളിടെക്നിക്ക് കോളേജുകളിലും അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ആറാം AICTE റെഗുലേഷൻസിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഡിഗ്രി ലെവൽ ടെക്നിക്കൽ സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | | | അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ച 08.11.2012-ലെ റെഗുലേഷൻസിലെ മുൻകാല സർവ്വീസ് പരിഗണിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥയിൽ, ലീവ് വേക്കൻസിയിലുൾപ്പെടെയുള്ള എയിഡഡ് കോളേജുകളിലെയും, Government controlled self financing കോളേജുകളിലെയും സർവ്വീസ് ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു. Diploma Level Technical Institutions – ലെ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ചുള്ള 08.11.2012 ലെ റെഗുലേഷൻസിലെ മേൽ വിഷയം സംബന്ധിച്ചുള്ള 6.1(g)- ലെ വ്യവസ്ഥ ഈ വിഷയത്തിലുള്ള 28.01.2021 തീയതിയിലെ G.O(Ms)37/2021/HEDN നമ്പർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഈ അനോമലി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | 29/06/2019 തീയതിയിലെ സ.ഉ(കൈ)നം.204/2019/ഉ.വി.വ പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളിലും, 28/01/2021 തീയതിയിലെ സ.ഉ(കൈ)നം.37/2021/ഉ.വി.വ പ്രകാരം പോളിടെക്നിക്ക് കോളേജുകളിലും അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ആറാം AICTE റെഗുലേഷൻസിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഡിഗ്രി ലെവൽ ടെക്നിക്കൽ സ്ഥാപനങ്ങളിലെ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ച 08.11.2012-ലെ റെഗുലേഷൻസിലെ മുൻകാല സർവ്വീസ് പരിഗണിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥയിൽ, ലീവ് വേക്കൻസിയിലുൾപ്പെടെയുള്ള എയിഡഡ് കോളേജുകളിലെയും, Government controlled self financing കോളേജുകളിലെയും സർവ്വീസ് ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് വരുന്നു. Diploma Level Technical Institutions – ലെ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ചുള്ള 08.11.2012 ലെ റെഗുലേഷൻസിലെ മേൽ വിഷയം സംബന്ധിച്ചുള്ള 6.1(g)- ലെ വ്യവസ്ഥ ഈ വിഷയത്തിലുള്ള 28.01.2021 തീയതിയിലെ G.O(Ms)37/2021/HEDN നമ്പർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ